# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1284** **05.03.2020-ൽ മറുപടിയ്ക്ക്**

## കൃ.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കൊല്ലം കോർപ്പറേഷനിൽ പള്ളിത്തോട്ടം ഡിവിഷനിലെ കൃ.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള ഭവന പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | എ) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും (2018-2019) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കൃ.എസ്.എസ്. കോളനിയിലെ ജീർണ്ണിച്ച് അപകടാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന 114 ഫ്ളാറ്റുകൾ പൊളിച്ചുമാറ്റി പുതിയ ഫ്ളാറ്റ് നിർമ്മാണ പദ്ധതിയ്ക്കായി 11.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 114 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ അനുമതി നൽകിയിരുന്നു. കൃ.എസ്.എസ്. കോളനി ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായ റസിഡൻഷ്യൽ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്ത് കഴിഞ്ഞു. ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 114 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി മൂന്ന് ഫേസുകളായി തിരിച്ച് ടെണ്ടർ ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാർക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഫേസ് ഒന്നിലും രണ്ടിലും പൈൽ ഫൗണ്ടേഷൻ പുരോഗമിച്ചുവരുന്നു. ഫേസ് മൂന്നിൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ടി പ്രവൃത്തിയുടെ ഭാഗമായി കൃ.എസ്.എസ്. കോളനി സ്ഥിതിചെയ്യുന്ന കൊല്ലം കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനും മത്സ്യത്തൊഴിലാളികളല്ലാത്ത 65 താമസക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുമായി 23.09.2019-ൽ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**